കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി./പി6/62/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി./പി6/62/2022 തീയ്യതി: 29/01/2022

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 05-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ. എം. വാസുദേവൻ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	06-01-2022	15-01-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
06-01-2022	15-01-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സതീഷ്കുമാർ. കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. രാമദാസ്. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത്. കെ. വി, ഓഡിറ്റർ
ശ്രീമതി. അപർണ. ഡി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി. റീന. പി. കെ	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീമതി. സുനില കുമാരി. കെ. വി	സെക്രട്ടറി	01-04-2019	13-05-2019
ശ്രീ. അനിൽകുമാർ. കെ. പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-05-2019	04-06-2019
ശ്രീമതി. സുനില കുമാരി. കെ. വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-06-2019	23-07-2019
ശ്രീ. സന്ദീപ്. എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-07-2019	03-08-2019
ശ്രീ. രാജേഷ്. എ	സെക്രട്ടറി	03-08-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി. ദീപ. ടി	അസി. എഞ്ചിനീയർ	01-04-2019	31-03-2020
ശ്രീമതി. സ്മിതാ നന്ദിനി. പി	കൃഷി ഓഫീസർ	01-04-2019	24-02-2020
ശ്രീ. മൊയ്തീൻ ഷാ. എൻ. കെ	കൃഷി ഓഫീസർ-ഇൻ-ചാർജ്ജ്	24-02-2020	31-03-2020
ഡോ. മഹേഷ്. കെ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2019	31-03-2020
ഡോ. ബിന്ദു. എസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2019	31-03-2020
ഡോ. ദിവ്യശ്രീ.	മെഡിക്കൽ	01-04-2019	31-03-2020

	ഓഫീസർ(ആയുർവേദം)		
ഡോ. പ്രീത. ഇ. കെ	വെറ്ററിനറി സർജൻ	01-04-2019	31-03-2020
ശ്രീമതി. ഷിൻല. വി.ബി	വി.ഇ.ഒ മേപ്പയ്യൂർ	01-04-2019	31-03-2020
ശ്രീ. രജീഷ്. സി. കെ	വി.ഇ.ഒ കൊഴുക്കല്ലൂർ	01-04-2019	31-03-2020
ശ്രീ. അനിൽകുമാർ. കെ. പി	അസി. സെക്രട്ടറി	01-04-2019	31-03-2020
ശ്രീമതി. സ്മിത. എം. കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
ശ്രീമതി. പുഷ്പ. കെ. പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ.ശിവദാസൻ. വി. പി	ഹെഡ്മാസ്റ്റർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ് Written By: Sathish Kumar K (Audit Officer (HG), On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-1
2	വാർഷികധനകാര്യപത്രിക. Written By: Srijith K.V (Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-2
3	വാർഷിക കണക്കുകളുടെ അപാകതകൾ Written By: Srijith K.V (Auditor, On 17-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: Srijith K.V (Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	1-3
5	പദ്ധതി ആസൂത്രണം Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-4
6	ആസൂത്രണസമിതി Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-4-1
7	ഫണ്ട് വിനിയോഗം Written By: Srijith K.V (Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-5
8	തൊഴിലുറപ്പ്പദ്ധതി Written By: Srijith K.V (Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-6
9	ക്ഷേമ പദ്ധതികൾ Written By: Sathish Kumar K (Audit Officer (HG), On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-7
10	ക്യാഷ് പരിശോധന Written By: Aparna D (Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 29-01-2022)	1-8
11	ആഭ്യന്തര നിയന്ത്രണ സംവിധാനം Written By: Sathish Kumar K (Audit Officer (HG), On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-9
12	കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ Written By: Srijith K.V (Auditor, On 17-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-10
13	അനധികൃത നിർമ്മാണങ്ങൾ- നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല. Written By: Srijith K.V (Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-10-1
14	ഷോപ്പിംഗ് കോംപ്ലക്സ് വാടക- ജി.എസ്.ടി ഈടാക്കിയില്ല. Written By: Srijith K.V (Auditor, On 17-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-11
15	ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക	1-12

	പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ Written By: Aparna D (Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	
16	പുലപ്രകുന്ന് കോളനി വീട് നിർമ്മാണം - അനുകരണീയ മാതൃക Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-13
17	ആസ്തി കയ്യേറ്റത്തിനെതിരെ സെക്രട്ടറി, ഭരണസമിതി എന്നിവയുടെ ഇടപെടൽ മാതൃകാപരം. Written By: Srijith K.V (Auditor, On 17-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-14
18	അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല Written By: C.V.Indukala (Senior Grade Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-15
19	ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല Written By: C.V.Indukala (Senior Grade Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-16
20	വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-17
21	വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 29-01-2022)	1-18
22	പി.എച്ച്.സി.ബോർവെൽ നിർമ്മാണം-പൂർത്തീകരിച്ചില്ല Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-19
23	നടുവിലത്തറ കുടിവെള്ള പദ്ധതി - വ്യത്യസ്ത ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയതും, ആസൂത്രണത്തിലെ അപാകതകളും Written By: C.V.Indukala (Senior Grade Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-20
24	പൊതു മരാമത്ത് പ്രവൃത്തികൾ - ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ Written By: C.V.Indukala (Senior Grade Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-21
25	എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി Written By: RAMDAS M. (Asst. Audit Officer, On 15-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-22
26	ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കിയില്ല. Written By: C.V.Indukala (Senior Grade Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-23
27	ആസ്തികളുടെ പരിപാലനത്തിലും സംരക്ഷണത്തിലും വീഴ്ച. Written By: Srijith K.V (Auditor, On 17-01-2022) Last Updated By: Vasudevan M (Deputy Director, On 22-01-2022)	1-24
28	ലൈബ്രറി നടത്തിപ്പിലെ അപാകതകൾ Written By: Aparna D (Auditor, On 16-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	1-25

29	വനവികസന നികുതി അടവാക്കിയില്ല Written By: Sathish Kumar K (Audit Officer (HG), On 16-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	1-26
30	മുൻകാല റിപ്പോർട്ടുകളിന്മേലുള്ള നടപടികൾ Written By: Sathish Kumar K (Audit Officer (HG), On 18-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	1-27
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി Written By: C.V.Indukala (Senior Grade Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	3-1
2	വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി Written By: C.V.Indukala (Senior Grade Auditor, On 18-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	3-2
	ഭാഗം **4**	
1	സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	4-3
4	വായ്പ / വായ്പാതിരിച്ചടവ് Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-4
5	സ്ഥിര നിക്ഷേപം Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 24-01-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Sathish Kumar K (Audit Officer (HG), On 18-01-2022) Last Updated By: Vasudevan M (Deputy Director, On 27-01-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: C.V.Indukala (Senior Grade Auditor, On 11-01-2022) Last Updated By: Vasudevan M (Deputy Director, On 29-01-2022)	4-10
	അനുബന്ധം	

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

1-1 ബഡ്ജറ്റ്

2019-20 വർഷത്തെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് ഭരണസമിതിയുടെ 22.02.19 തീയതിയിലെ 44(19) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, 19-20 ബഡ്ജറ്റ് 17.02.20 ലെ 18(20) ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയിട്ടുമുണ്ട്. ബഡ്ജറ്റിൽ പ്രതീക്ഷിച്ച ആകെ വരവ് 21,98,52,373/ രൂപയും ചെലവ് 19,59,97,670/- രൂപയുമാണ്. 2019-20 വർഷത്തെ യഥാർത്ഥ വരവ് 8,14,76,489/- ഉം ചെലവ് 8,02,07,349/- ഉം ആണ്. ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നു. എന്നാൽ ബജറ്റ് 2019-20 വർഷത്തെ പ്രവർത്തനങ്ങളുടെ ദിശാസൂചകമാകുകയോ, ബജറ്റിലെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനോ, വിഭാവനം ചെയ്ത തരത്തിലുള്ള വിഭവ സമാഹരണം നടത്തുന്നതിനോ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2020	16.05.2020

1-2-1 വാർഷിക കണക്കുകളുടെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി മുൻകൂർ ഇനത്തിൽ 546919 ബാധ്യതാ ഇനത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ എത്ര രൂപ വരും വർഷങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണെന്നോ, എതെല്ലാം അക്കൗണ്ടുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നുമുള്ള വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.

3. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ, ഘടക സ്ഥാപനങ്ങളിലെ

ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ.

4. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ഉദാ-കീഴ്പയ്യൂർ പള്ളിമുക്ക്-മീറങ്ങാട്ട് റോഡ് (എസ്റ്റിമേറ്റ്-2890000), അരിക്കുളം-കല്ലങ്കി റോഡ്.

6. കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 2500 രൂപ കുടിശ്ശികയുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക വിവരങ്ങളെ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പട്ടികജാതിക്കാർക്കുള്ള പട്ടികജാതിക്കാരുടെ ശ്മശാനത്തിനായി 598000 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെയും മേൽ ഫണ്ട് ചെലവഴിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

8. 3/2020 ലെ ജീവനക്കാരുടെ NPS ലേക്കുള്ള പഞ്ചായത്ത് വിഹിതം ബാധ്യതാ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 210500101 നമ്പറായുള്ള ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രിക പ്രകാരം 140700101 നമ്പറായുള്ള Restoration Charges For Road Cutting എന്ന ശീർഷകത്തിൽ 2094634 രൂപ വരവുണ്ട്. ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ വരവിനത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,46,13,624
വരവ്	8,34,98,265
ആകെ	9,81,11,889
ചെലവ്	8,02,07,349
നീക്കിയിരിപ്പ്	1,79,04,540

1-4 പദ്ധതി ആസൂത്രണം

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്കിൽപ്പെട്ട മേപ്പയൂർ പഞ്ചായത്ത് 23.41 ച.കി.മീറ്റർ ഭൂവിസ്തൃതിയുള്ള ഒരു പ്രദേശമാണ്. 2019-20ൽ 140 പ്രോജക്ടുകളാണ് അന്തിമ വകയിരുത്തലിൽ ഉൾപ്പെട്ടത്. മൊത്തം പദ്ധതി അടങ്കൽ 109464147/- രൂപയാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവുമായി ബന്ധപ്പെട്ട് രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ചർച്ചകൾ നടന്നതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മിനുട്സ് തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

അന്തിമമായി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥർ	ആകെ പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയവ	വകയിരുത്തിയ തുക	ചെലവ്	ചെലവ് %
കൃഷി ഓഫീസർ	4	3	2918940	1740860	59.64
വെറ്റിനറി സർജൻ	5	4	5980000	1215000	20.31
മെഡിക്കൽ ഓഫീസർ	4	2	950000	779264	82.02

(PHC)					
മെഡിക്കൽ ഓഫീസർ (ഹോമിയോ)	1	1	300000	300000	100
മെഡിക്കൽ ഓഫീസർ (ആയുർവേധം)	2	2	450000	450000	100
വി ഇ ഒ	7	5	31614685	27546683	87.13
ഐ.സി. ഡി.എസ് സൂപ്പർവൈസർ	8	4	5785590	4352951	75.23
സെക്രട്ടറി	33	19	10005365	6128937	61.25
അസ്സിസ്റ്റന്റ് എൻജിനിയർ	67	31	39492047	12991018	32.89
ഹെഡ് മാസ്റ്റർ	2	2	800000	800000	100
ഡയറി ഫാം ഇൻസ്പെക്ടർ	2	2	2350000	2150000	91.48
അസ്സിസ്റ്റന്റ് സെക്രട്ടറി	5	4	8817520	2079980	23.58
	140	79	109464147	60534693	55.30

വാർഷിക പദ്ധതിക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും ഭൂരിഭാഗം ചെലവുകളും അവസാനപാദത്തിലാണ് നടത്തിയിട്ടുള്ളത്. അനിവാര്യ വകയിരുത്തൽ നടത്തേണ്ട ആശ്രയ പദ്ധതിക്ക് 100000/-രൂപ വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ചിട്ടില്ല. തനത്ഫണ്ട്, സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ എന്നിവ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിൽ വിദ്യാഭ്യാസം, സംസ്കാരം, കല, കായികം, വിനോദം, യുവജനക്ഷേമം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ വിവിധ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ആയവ ഒന്നും തന്നെ പ്രോജക്ടുകളാക്കി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.കെ ക്ക് തുക കൈമാറൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെറുകിട വ്യവസായ മേഖലയിലും മൽസ്യബന്ധന മേഖലയിലും പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. അസ്സറ്റ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുള്ളത്.

എല്ലാമേഖലകളെയും സ്പർശിക്കുന്നവിധത്തിൽ കാര്യക്ഷമമായി പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-4-1 ആസൂത്രണസമിതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും

അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ. ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിന് വേണ്ടി 3 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. (23.11.18, 15.02.19, 29.05.19 തീയതികളിൽ). ചർച്ചകൾ കാര്യക്ഷമമാക്കി ആസൂത്രണപ്രക്രിയ ഫലപ്രദമാക്കുന്നതിന് യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആസൂത്രണ സമിതി അതർഹിക്കുന്ന ഗൗരവത്തോടെ ചേരുകയും ഏല്പിക്കപ്പെട്ട ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്- ജനറൽ (ACR പ്രകാരം)	0	14806695	14806695	14094407	712288
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)	0	4701000	4701000	3707627	993373
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	8349000	8349000	3114327	5234673
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	4349000	4349000	2052745	2296255
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	9054790	9054790	2898435	6156355

ബി ഫണ്ട്		12768000	12768000	12768000	0
ഐ.സി.ഡി.എസ്	1519694	800226	2319920	1524351	795569
സാക്ഷരത	81562	2809	84371	0	84371
എം.പി.ഫണ്ട്	18646	292359	311005	290585	20420

ഗ്രാന്റ് വിനിയോഗ പത്രിക

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം സുലേഖ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ വാർഷിക കണക്ക്, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി എന്നീ ഗ്രാന്റുകളുടെ വരവായി രേഖപ്പെടുത്തിയ തുകകളും വാർഷിക കണക്ക്, എ.എഫ്.എസ് എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. സർക്കാർ മേൽ ഗ്രാന്റുകൾ അനുവദിക്കുമ്പോൾ വിവിധ പദ്ധതികൾ പ്രകാരം (ലൈഫ് ലോൺ തിരിച്ചടവ്, അങ്കണവാടി വർക്കർ-ഹെൽപർ ഓണറേറിയം) ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഉറവിടത്തിൽ നിന്ന് തന്നെ കുറവ് ചെയ്താണ് അനുവദിക്കുന്നത്. മേൽ തുക ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവായി രേഖപ്പെടുത്താതിരിക്കുകയും ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതാണ് പൊരുത്തക്കേടിന് കാരണമാവുന്നത്.

1-6 തൊഴിലുറപ്പ്പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	9746	1375653	1385399	1383790	1609
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (എം.ഐ.എസ് റിപ്പോർട്ട് പ്രകാരം)	0	54081644	54081644	54081644	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,13,400	64
കർഷകതൊഴിലാളി പെൻഷൻ	30,72,600	972
വിധവാപെൻഷൻ	39,60,000	1186
വാർദ്ധക്യകാല പെൻഷൻ	40,27,200	1358
വികലാംഗപെൻഷൻ	12,94,800	387
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1,80,000	54
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	1,20,000	4

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-22 ന് രാവിലെ 10.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് 43810 രൂപ കണ്ടു ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മേപ്പയൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ 14 ജീവനക്കാർ ജോലി ചെയ്തു വരുന്നു. ഓഡിറ്റ്

കാലയളവിൽ സൂചിക സോഫ്റ്റ്‌വെയറിലൂടെയാണ് തപാലുകൾ കൈകാര്യം ചെയ്യുന്നത്. കാലാകാലങ്ങളിൽ കൃത്യമായി ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. ഉത്തരവുകൾ ക്രോഡീകരിച്ച് 11.12.19 ലെ 31/2019 ാം നമ്പർ ഉത്തരവ് പ്രകാരം വിപുലമായി ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ ചില ഫയലുകൾ കൃത്യമായല്ല എഴുതി സൂക്ഷിച്ചിരിക്കുന്നത്. ഉദാ:- കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ടതും മരം മുറിച്ച് തടി ലേലം നടത്തിയതുമായി ബന്ധപ്പെട്ടതും. രേഖകൾ എല്ലാം തന്നെ ഉണ്ടെങ്കിലും, അടുക്കിലും ചിട്ടയിലുമല്ല എഴുതി സൂക്ഷിച്ചിരിക്കുന്നത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും, അത്യാവശ്യം കൃത്യമായി എഴുതി സൂക്ഷിക്കേണ്ട സിവിൽ സ്യൂട്ട് രജിസ്റ്റർ, കേസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്ററിൽ 2019-20 ലെ ആസ്തി ചേർത്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ അധിനതയിലുള്ള പല ഭൂമികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റിന്റെ മുന്നൊരുക്കങ്ങൾ 05.01.19 ന് തുടങ്ങുകയും, 17.02.19 ന് അംഗീകരിച്ച് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഓഫീസ് യോഗങ്ങൾ വിളിച്ച ചേർക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2019-20 വർഷത്തിൽ 03.04.2019, 07.05.019, 18.06.2019, 07.09.2019, 10.12.2019 തിയ്യതികളിലായി അഞ്ച് തവണ മാത്രമെ ഓഫീസ് മീറ്റിംഗ് വിളിച്ച ചേർത്തിട്ടുള്ളൂ.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിനും വീഴ്ചയുണ്ടായിട്ടുണ്ട്. 17-18, 18-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള പ്രഥമമറുപടി റിപ്പോർട്ട് കൈപ്പറ്റി 9 മാസത്തിന് ശേഷം മാത്രമാണ് നൽകിയിട്ടുള്ളത്. പ്രഥമമറുപടികൾക്ക് അനന്തര പരാമർശം നൽകിയിട്ടുണ്ടെങ്കിലും, അതിനുള്ള മറുപടികൾ നൽകിയിട്ടുമില്ല.

പൊതുവെ തൃപ്തികരമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്ന, പഞ്ചായത്തിന്റെ മേൽ സൂചിപ്പിച്ച വീഴ്ചകൾ ഒഴിവാക്കി, കൂടുതൽ മികവുറ്റതാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-10 കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ

2019-20 വർഷത്തെ കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഫയലുകളിൽ അപാകതകളുള്ളതായി കാണുന്നു.

1. ഫയൽ നം- A2-7476/2019, Dt.29.08.2019

മേൽ ഫയൽ നമ്പറായുള്ള തട്ടാൻകണ്ടി താമസിക്കും പടിഞ്ഞാറെക്കണ്ടി ദേവി മുതൽ പേരുടെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവത്കരണ അപേക്ഷയിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ നിന്നും വ്യതിചലിച്ചുള്ള അധിക നിർമ്മാണം സൈറ്റിൽ നടത്തിയതുൾപ്പെടെയുള്ള അപാകതകൾ ചൂണ്ടികാട്ടി ഓവർസിയർ 23.09.2019 തിയ്യതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും സെക്രട്ടറി 24.09.2019 ലെ എ2/7476/2019 നമ്പർ കത്ത് മുഖേന അപാകതകൾ ഒരു മാസത്തിനകം പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും അപേക്ഷക അപാകത പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുകയോ, ഗ്രാമപഞ്ചായത്ത് അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ടിയാൾ 15.01.2022 തിയ്യതിയിൽ അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകി രണ്ട് വർഷത്തിന് ശേഷമാണ് ടിയാൾ അപേക്ഷ പുനസമർപ്പിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകക്ക് അനുവദിച്ചിരുന്ന സമയപരിധി ഒരു മാസം മാത്രമായിരിക്കെ അപേക്ഷ നിരസിച്ച് ഫയൽ തീർപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അനുവദിച്ച സമയ പരിധി പിന്നിട്ടതിന് ശേഷം ഫയലിൽ തുടർനടപടി ഉറപ്പാക്കുന്ന വിധത്തിൽ സോഫ്റ്റ്‌വെയർ, തൻപതിവേട്/കെ.പി.ബി.ആർ രജിസ്റ്റർ എന്നിവ ഉപയോഗിച്ചുള്ള നിരീക്ഷണ സംവിധാനം സ്ഥാപനത്തിൽ നിലവിലില്ലാത്തതാണ് മേൽ അപാകതക്ക് കാരണമായിട്ടുള്ളത്. മേൽ ചുമതല നിർവ്വഹിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകത തീർപ്പാക്കുന്നതിന് അനുവദിച്ച സമയപരിധി പിന്നിട്ടിട്ടും അപാകത പരിഹരിക്കുന്നതിന് തയ്യാറാകാത്ത കെട്ടിട നിർമ്മാണ ക്രമവത്കരണ അപേക്ഷകളുടെ കാര്യത്തിൽ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 എ.എ പ്രകാരം യു.എ നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി കണക്കാക്കേണ്ടതും, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 എ.എ മുതൽ ഡബ്ല്യു

വരെയുള്ള സെക്ഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

1. ഫയൽ നം- A2-5812/2019, Dt. 03.07.2019

നൗഷാദ്, വടക്കേടത്ത്, ഇരിങ്ങത്ത് പി.ഒ മേപ്പയ്യൂർ എന്നവരുടെ മേൽ ഫയൽ നമ്പറായുള്ള കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിന്മേൽ A2-BA(10437)/2020 നമ്പറായി 08.05.2020 തിയ്യതിയിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. നിലവിലുള്ള ഒന്നാം നിലക്ക് മുകളിൽ രണ്ടാം നില നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ നിലനിൽക്കെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

- 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 (3) പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി വേണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. ഇത് കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, മറ്റ് ആവശ്യമായ സൗകര്യങ്ങളും, വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ഒരുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥ പാലിക്കാതെയാണ് നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. പ്ലോട്ടിൽ തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗമോ, വാഹനത്തിന് വളഞ്ഞ് തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലമോ ഇല്ല. മേൽ സാഹചര്യത്തിലും തുറസ്സായ സ്ഥലത്തിന് വേണ്ടി മാറ്റിവെക്കേണ്ട സ്ഥലം പാർക്കിംഗിന് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ആയത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 (7) ലെ വ്യവസ്ഥകളുടെ ലംഘനമാണ്. അപാകതകൾ നിലനിൽക്കെ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം 15.01.2022 തിയ്യതിയിൽ ലഭ്യമാക്കിയ മറുപടിയിൽ തുറസ്സായ പ്രദേശത്തിന്റെ (ആകെ തുറസ്സായ പ്രദേശത്തിന്റെ വിസ്തീർണ്ണം- 200.24 ച.മീ) 99.2 ച.മീ മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. 15.01.2022 തിയ്യതിയിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പ്ലോട്ടിന്റെ പടിഞ്ഞാറ് അതിരിൽ നിന്ന് വാഹനങ്ങൾക്ക് പ്ലോട്ടിലേക്ക് പ്രവേശിക്കുന്നതിനുള്ള സൗകര്യം ഇല്ലെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 (3) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. പ്ലോട്ടിൽ തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗമോ, വാഹനത്തിന് വളഞ്ഞ് തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലമോ ഇല്ല. മേൽ

സാഹചര്യത്തിലും ചട്ടപ്രകാരമുണ്ടായിരിക്കേണ്ട തുറസ്സായ പ്രദേശത്തിന്റെ 99.2 ച.മീ ഏരിയ പാർക്കിംഗിന് വേണ്ടി ഉപയോഗിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 (7) ലെ വ്യവസ്ഥകളുടെ ലംഘനമാണ്. സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടത്തിൽ വിനിയോഗ ഗണം സി യിൽ ഉൾപ്പെടുന്ന ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കമേഴ്സ്യൽ ഗണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉടമക്ക് അനുമതി നൽകിയിട്ടുള്ളത്. പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാതെയും അനുവദിക്കപ്പെട്ട വിനിയോഗ ഗണത്തിൽ നിന്നും വ്യതിചലിച്ചുമാണ് ഉടമ കെട്ടിടം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

ഒക്യുപെൻസി അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടന, വിനിയോഗ ഗണം എന്നിവയിൽ മാറ്റം വരുത്തി ഉപയോഗിക്കാനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒക്യുപൻസി അനുവദിച്ച് 2 വർഷത്തിന് ശേഷം കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ നടപടിയിലൂടെ ഒക്യുപൻസി അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടന, വിനിയോഗ ഗണം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി തുടർ നടപടി കൈക്കൊള്ളേണ്ടതാണ്.

1-10-1 അനധികൃത നിർമ്മാണങ്ങൾ- നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 15.01.2022 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും കെട്ടിട നിർമ്മാണ നിയന്ത്രണം, വസ്തു നികുതി നിർണ്ണയം എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിലവിലുള്ള സിസ്റ്റം ഫലപ്രദമല്ലെന്നും ഫീൽഡ് തല ചുമതലയുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് സ്ഥാപനത്തിന് കഴിയാത്തത് മൂലം നിലവിലുള്ള നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ലെന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു.

സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കൊപ്പം സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് അനധികൃത നിർമ്മാണം നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുക, അനുവദിച്ച ഒക്യുപൻസിയിൽ നിന്നും വ്യത്യസ്തമായ ആവശ്യങ്ങൾക്കായി കെട്ടിടം ഉപയോഗപ്പെടുത്തുക, കെട്ടിടങ്ങളുടെ ചട്ട പ്രകാരം വ്യവസ്ഥ ചെയ്യുന്ന തുറസ്സായ പ്രദേശങ്ങളിൽ നിർമ്മാണം നടത്തി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുക എന്നീ പ്രവണതകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ദൃശ്യമാണ്. അനധികൃതമായി അധിക നിർമ്മാണങ്ങളും ഇത്തരത്തിൽ നടത്തിയിരിക്കാൻ സാധ്യതയുണ്ട്.

കെട്ടിടങ്ങളുടെ ചട്ട പ്രകാരം ഒഴിച്ചിടേണ്ട തുറസ്സായ ഭാഗങ്ങളിലും , ടെറസ്സിലും അനധികൃത നിർമ്മാണം നടത്തുന്നത് അഗ്നിസുരക്ഷയടക്കമുള്ള വ്യവസ്ഥകളുടെ ലംഘനമാണ്. മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെയും അപകടകരമായും അനധികൃതമായും നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജന സുരക്ഷക്ക് ഭീഷണിയാണ്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഘടനാ പരമായി മാറ്റം വരുത്തി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തു നികുതി ഇനത്തിൽ സ്ഥാപനത്തിന് ഭീമമായ നഷ്ടം സംഭവിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. നിരന്തരമായ ഫീൽഡ് തല പരിശോധനയിലൂടെ മാത്രമെ മേൽ പരാമർശിച്ച തരം ചട്ടലംഘനങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധ്യമാവുകയുള്ളൂ. എന്നാൽ മതിയായ മനുഷ്യശേഷി ലഭ്യമല്ലാത്തതിനാൽ ഫീൽഡ് തലത്തിലുള്ള പരിശോധനകളിലൂടെ അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നത് ഉചിതമാവുമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. ഗ്രാമ പഞ്ചായത്തിലെ ഏതെങ്കിലും വാർഡിൽ, നിലവിൽ സ്ഥാപനത്തിൽ ലഭ്യമായ മനുഷ്യശേഷി ഉപയോഗപ്പെടുത്തിയും സഞ്ചയയിലെ ഡാറ്റയെ അടിസ്ഥാനപ്പെടുത്തിയും മുഴുവൻ കെട്ടിടങ്ങളും ഭൗതിക പരിശോധന നടത്തുകയും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി ഡിമാന്റിലുണ്ടാകുന്ന വർദ്ധനവിന്റെ തോതും, മറ്റ് വാർഡുകളിലെ സാധ്യതയും പരിശോധിച്ച് വരുമാനത്തിലുണ്ടാകാനിടയുള്ള വർദ്ധനവ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ മേൽ ഫീൽഡ് തല പരിശോധനക്കായി ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി തേടാവുന്നതുമാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒക്യുപൻസി അനുവദിച്ച് 2 വർഷത്തിന് ശേഷം കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ ചുമതലയും ഇപ്രകാരം നിർവ്വഹിക്കാവുന്നതാണ്.
2. ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടി വരുന്ന ദുർബല വിഭാഗങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക

ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം പഞ്ചായത്ത് തലത്തിൽ എൽ.ബി.എസുമാരുടെ ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ച് സാങ്കേതിക സഹായം നൽകാവുന്നതുമാണ് .

3. മേൽ പഠനം വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നിർവ്വഹിക്കുന്നതിന് യോഗ്യരായ ഏജൻസികളുടെ സഹായവും സർക്കാർ അനുമതിയോടെ സ്ഥാപനത്തിന് സ്വീകരിക്കാവുന്നതാണ്.

1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടക- ജി.എസ്.ടി ഈടാക്കിയില്ല.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടികജാതി ഉത്പന്ന വിപണന കേന്ദ്രത്തിലെ മുറികളിലെ വാടകക്കാരിൽ നിന്നും വാടകക്കൊപ്പം ജി.എസ്.ടി ഈടാക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. 2020 ഫെബ്രുവരി മുതൽ മാത്രമാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളത്. 4/2019 മുതൽ 1/2020 വരെയുള്ള കാലയളവിൽ വാടകക്കൊപ്പം 18% ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം	വാടകക്കാരൻ	മാസ വാടക	അടവാക്കാനുള്ള ജി.എസ്.ടി
8/1101 A	ചന്ദ്രൻ കാരയിൽ	6600	11880
8/1101 D	ഷിജു കാരയിൽ	6600	11880
8/1101 B	രാജൻ.കെ.കെ.	8200	14760
8/1101 C	രാജൻ.കെ.കെ.	8200	14760

ജി.എസ്.ടി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ, നാളിതുവരെ ഈടാക്കിയ കുടിശ്ശികയുടെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ബൈലോ, കരാർ എന്നിവയിൽ വ്യവസ്ഥ ചെയ്യാത്ത കാരണത്താൽ വാടകക്കാർ ജി.എസ്.ടി അടവാക്കുന്നതിൽ വിമുഖത കാണിച്ചുവെന്നും ഇതാണ് വീഴ്ചക്ക് കാരണമായതെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട് .

12.04.2017 തിയ്യതിയിൽ ജി.എസ്.ടി ആക്ട് നിലവിൽ വന്നിരുന്നു. നിലവിലെ നിയമത്തിന് വിരുദ്ധമായി കരാർ ചമക്കാനോ ബൈലോയിലെ വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങളെ അതിലംഘിക്കാനോ പാടുള്ളതല്ലെന്ന വസ്തുതയുടെ സാഹചര്യത്തിൽ മേൽ വിശദീകരണം

പരിഗണനീയമല്ല. വരവിനങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിലുള്ള ഒരു ആഭ്യന്തര പരിശോധനാ രീതി സ്ഥാപനത്തിൽ ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല.

ജി.എസ്.ടി ഈടാക്കുന്നതിലുള്ള വീഴ്ച കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെയും മേൽ കുടിശ്ശിക ഈടാക്കുന്നതിന് സ്ഥാപനം നടപടി സ്വീകരിച്ചിട്ടില്ല. കോവിഡ് സാഹചര്യത്തിൽ മേൽ തുക അടവാക്കുന്നതിന് വാടകക്കാർ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ കുടിശ്ശിക ഗഡുക്കളായി അടവാക്കുന്നതിന് അവസരം നൽകേണ്ടതുമാണ്. വാടകക്കാരിൽ നിന്നും ജി.എസ്.ടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

2019-20 വർഷത്തിലെ പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ്, ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് ആണ് ട്രേഡേഴ്സ് ലിസ്റ്റ് ആയി സൂക്ഷിച്ചിട്ടുള്ളത്. ലൈസൻസ് തുക ഒടുക്കിയവരുടെ പേരുകൾ പൂർണ്ണമായും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ അതിന്റെ ആധികാരികത നഷ്ടപ്പെടുന്നു. കൃത്യതയുള്ളതും പൂർണമായതുമായ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരം ലഭ്യമല്ല .

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരം അനുസരിച്ച

1. 31.03.20 തിയ്യതിയിൽ ആകെ ഡിമാന്റുകളിൽ വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്ക് നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഡിമാന്റുകൾ - 2019

2. ആകെ അനുവദിക്കപ്പെട്ട എഫ്.ടി.ഇ.എ & ഒ.എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം - 466

3. വേക്കൻസി റെമിഷൻ അനുവദിക്കപ്പെട്ട ആകെ കെട്ടിടങ്ങളുടെ എണ്ണം - 46 (34+12)

ഇതിൽ നിന്നും വാണിജ്യ കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ ചുരുങ്ങിയ കെട്ടിടങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തു പ്രവർത്തിച്ചു വരുന്നത് എന്ന് കണക്കാക്കുന്നു . വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന് കണക്കാക്കിയാലും നൽകിയ ലൈസൻസുകളുടെ എണ്ണവും

കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ ഭീമമായ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ട്രൈഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ എഫ് ടി ഇ & ഓ എസ് ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം ലൈസൻസ് നിരസിക്കപ്പെട്ട ഏഴ് വ്യാപാര സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതി രേഖകളിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി മൂന്നു സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്.

അപേക്ഷ നിരസിക്കപ്പെട്ട വ്യാപാരങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

	പേര് / വിലാസം	വ്യാപാരം	നിരസിച്ചതിനെ കാരണം
1.	ഇബ്രാഹിം 8/	ഹോണസ്റ്റി ഹോട്ടൽ	സാനിറ്റേഷൻ സൗകര്യം തൃപ്തികരമല്ല, അനുമതിയില്ലാതെ കട പുതുക്കി പണിതു.
2.	പ്രകാശൻ.എൻ 15/370A	നെല്യാണത് ഓട്ടോമൊബൈൽ	PCB സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.
3.	നസീം 1/356	ഫ്ലോർമിൽ	PCB സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല
4.	സെക്രട്ടറി ക്ഷീരോത്പാദക	പാൽ സംഭരണം	രേഖപ്പെടുത്തിയിട്ടില്ല.

	സഹകരണ സംഘം ചങ്ങരം വെള്ളി 6/349		

ഓഡിറ്റ് നടത്തിയ ഫീൽഡ് പരിശോധനയിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ നിലവിൽ നിരവധി വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിക്കുള്ളിൽ നിലനിക്കുന്ന എന്ന് ബോധ്യപ്പെട്ടു. സൗഭാഗ്യ ലോട്ടറി, ഇല നഴ്സറി, റോക്കി ഹെൽത്ത് ക്ലബ്, ഹോണസ്റ്റി ഹോട്ടൽ എന്നിവ അവയിൽ ചിലതാണ്.

1. ഹോണസ്റ്റി ഹോട്ടൽ ഉടമ ഇബ്രാഹിം എന്ന വ്യക്തിയുടെ പേരിൽ 677/2019 ഫയൽ നമ്പറായി കേസ് നടപടികൾ നടന്നു വരുന്നുണ്ടെന്നും ടിയാന് താൽ കാലികമായി പ്രവർത്തിക്കാൻ പഞ്ചായത്തിന്റെ നിയമ നടപടികൾക്കെതിരെ സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയില്ലെന്നും എൻക്വയറിക്കു മറുപടിയായി അറിയിച്ചിട്ടുണ്ട്.

2. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവനോ ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ളതിനാൽ ലൈസൻസ് നിരസിക്കപ്പെട്ട സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തന രഹിതമാണെന്ന കാര്യം പഞ്ചായത് ഉറപ്പു വരുത്തുകയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 പുലപ്രകുന്ന് കോളനി വീട് നിർമ്മാണം - അനുകരണീയ മാതൃക

പ്രോജക്ട് നം.	151/20
പ്രോജക്ടിന്റെ പേര്	പുലപ്രകുന്ന് കോളനി വീട് നിർമ്മാണം
വകയിരുത്തിയ തുക	400000/- (വികസനഫണ്ട്-എസ്.സി.പി) 400000/- (ബ്ലോക്ക് വിഹിതം) 2400000/- (ജില്ലാപഞ്ചായത്ത് വിഹിതം)
ചെലവഴിച്ചതുക	3200000/-(8വീടുകൾക്ക്

കോഴിക്കോട് ജില്ലാ കലക്ടറുടെ ചേംബറിൽ ബഹു.തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുലപ്രകുന്ന് കോളനിയിൽ താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകുന്നതിനെടുത്ത തീരുമാനപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന വീട് നിർമ്മിച്ച നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്.

1974ൽ സ്ഥാപിച്ച പുലപ്രകുന്ന് കോളനിയിൽ താമസിച്ചിരുന്ന സാംബവ വിഭാഗത്തിൽപ്പെട്ട (എസ്.സി.) കുടുംബങ്ങളുടെ ജീവിതനിലവാരം വളരെ പരിതാപകരമായിരുന്നു. വളരെ മോശമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിൽ ജീവിച്ചിരുന്ന അവർക്ക് ഭൂമിക്ക് പട്ടയം ലഭിക്കുകയോ ചോർന്നൊലിക്കാതെ കിടക്കാനൊരിടമോ ഇല്ലായിരുന്നു. യാതൊരുവിധ അടിസ്ഥാന സൌകര്യവുമില്ലാതെ കഴിഞ്ഞിരുന്ന അവർക്ക് താമസിക്കുന്ന ഭൂമിക്ക് പട്ടയം നൽകി അവിടെ വൃത്തിയും സുരക്ഷയുമുള്ള വീട് നിർമ്മിച്ച നൽകുന്നതിനായി ജില്ലാഭരണകൂടവും തദ്ദേശസ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചതിനാൽ പദ്ധതി ലക്ഷ്യം നേടാനായി.

പ്രോജക്ട് നടപ്പാക്കുന്നതിന് മുമ്പും ശേഷവുമുള്ള കോളനിയിലെ വീടുകൾ

എട്ട് കുടുംബങ്ങൾക്ക് ഈ പ്രോജക്ട് വഴിയും ഒരു കുടുംബത്തിന് പി.എം.എ.വൈ. വഴിയുമാണ് വീട് നിർമ്മിച്ച നൽകിയിട്ടുള്ളത്. ഓരോ കുടുംബത്തിനും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനു പകരം കോളനിയിലെ മൊത്തം ഭവനനിർമ്മാണം ഒരു പ്രോജക്ടാക്കി അക്രഡിറ്റഡ് ഏജൻസിയെ

നിർവ്വഹണചുമതല ഏൽപ്പിക്കുകയാണ് ചെയ്തത്. അതുതന്നെയാണ് ഈ പ്രോജക്ടിന്റെ വിജയവും. ഈ പ്രോജക്ട് ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തത പരിഗണിക്കാതെ ഉന്നതനിലവാരത്തിലുള്ള ഭവനം പൂർത്തീകരിച്ച് നൽകുന്നതിലുമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെയും പദ്ധതി നിർവ്വഹണഘട്ടത്തിൽ നേരിട്ട പ്രതിസന്ധികൾ എല്ലാം തരണം ചെയ്ത് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിലുള്ള ഗ്രാമപഞ്ചായത്തിന്റെയും പങ്ക് പ്രശംസനീയമാണ്.

1-14 ആസ്തി കയ്യേറ്റത്തിനെതിരെ സെക്രട്ടറി, ഭരണസമിതി എന്നിവയുടെ ഇടപെടൽ മാതൃകാപരം.

ഫയൽ- നം- എ4/6807/18

11.09.2018 ലെ സെക്രട്ടറിയുടെ 29/2018 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ ഹസ്സൻ, കിഴക്കെ ചാലിൽ എന്നവരുടെ പേരിലുള്ള 8/1088 നമ്പർ കെട്ടിടം നിൽക്കുന്ന സ്ഥലം പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്നും, കെട്ടിടം പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച ഒരു ഫയൽ ഗ്രാമപഞ്ചായത്തിലുണ്ടെന്നും വ്യതക്തമാക്കുന്നുണ്ട്. ആയത് കണ്ടെത്തുന്നതിന് മേൽ നമ്പറായി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഫയൽ കണ്ടെത്താനായിട്ടില്ല.

ഫയലിൽ തുടർനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ 17.09.2018 ന് അനുവദിച്ച സർവ്വെ സ്കെച്ചിൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചന്ദ്ര ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം റീ.സ.നം- 18/2, 18/3 എന്നിവയിലായാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 25.09.2018 ലെ മേപ്പയ്യൂർ വില്ലേജ് ഓഫീസറുടെ 84/18 നമ്പർ കത്തിൽ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം 18/2 ൽ ഉൾപ്പെട്ട 61.5 ആർ ഭൂമി (ബസ്സ്റ്റാന്റ് സ്ഥലം) പഞ്ചായത്തിന്റെ അധീനതിയിലാണെന്ന് വ്യക്തമാക്കുന്നുണ്ട്. തഹസിൽദാറുടെ നിർദ്ദേശ പ്രകാരം മേപ്പയ്യൂർ വില്ലേജ് ഓഫീസർ പരിശോധന നടത്തിയതിൽ റീ.സ 18/2 ൽ ഉൾപ്പെട്ട ഭൂമിയിൽ 16 ച.മീ ഭൂമി ചന്ദ്രൻ.ടി.കെ, തിയ്യക്കണ്ടി, മേപ്പയ്യൂർ, എന്നയാൾ കയ്യേറി 30 വർഷത്തോളമായി കൈവശം വച്ച് പോരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (കത്ത് നം- കെ3/13140/14, തീ.30.10.19) റീ.സ നം- 18/2, പഴയത് 19/3 ബി1 ൽ ഉൾപ്പെട്ട .58 ആർ ഭൂമിയിലാണ് കയ്യേറ്റമുണ്ടായിട്ടുള്ളത്. മേൽ വിഷയത്തിന്മേൽ തുടർ നടപടികൾ ഉറപ്പ് വരുത്തുന്നതിന് 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-9 മുഖേന നിർദ്ദേശം നൽകിയിരുന്നു. മേൽ

വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ നിന്നും സെക്രട്ടറി, ഭരണസമിതി എന്നിവ മേൽ വിഷയത്തിന്മേൽ ആസ്തി സംരക്ഷിക്കുന്നതിനായി ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ട് സെക്ഷൻ 15 പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ 2016 ലെ ഭേദഗതിയിലൂടെ (01.03.2016 ലെ ജി.ഒ.(പി) നം. 191/2016/R.D ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്ത ഭേദഗതി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിലും നിക്ഷിപ്തമാക്കിയിട്ടുണ്ട്. മേൽ അധികാരം ഉപയോഗപ്പെടുത്തി കയ്യേറ്റ ഭൂമിയിൽ ചന്ദ്ര ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം നടത്തിവരുന്ന ചന്ദ്രൻ തിയ്യർകണ്ടി മുതൽ പേർക്ക് 25.02.2020 തിയ്യതിയിൽ എ4/6807/2018 നമ്പറായി സെക്രട്ടറി നോട്ടീസ് നൽകുകയും അനുവദിച്ച സമയപരിധിക്ക് ശേഷം സ്ഥലവും കെട്ടിടവും ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാക്കി സംരക്ഷിച്ചിട്ടുണ്ട്. മേൽ നടപടിക്കെതിരെ ശ്രീ.തിയ്യർ കണ്ടി ചന്ദ്രൻ മുതൽ പേർ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനെ സമീപിക്കുകയും, ടിയാന്റെ 230/2021 നമ്പറായുള്ള അപ്പീൽ തള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടികൾ ഓംബുഡ്സ്മാൻ ശരി വച്ചിട്ടുമുണ്ട്. എന്നാൽ സെക്രട്ടറിയുടെ നടപടിക്കെതിരെ 14.08.2021 തിയ്യതിയിൽ WP(C) 9788/2021 നമ്പറായി ബഹു.കേരള ഹൈക്കോടതിയിൽ പരാതി ഫയൽ ചെയ്തിട്ടുണ്ട്. മേൽ പരാതി കോടതിയുടെ പരിഗണനയിലാണുള്ളത്.

1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ടിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും, ഓംബുഡ്സ്മാൻ മുൻപാകെ റവന്യൂ രേഖകൾ ഉൾപ്പെടെയുള്ള വർഷങ്ങൾക്ക് മുൻപുള്ള രേഖകൾ സമാഹരിച്ച് വസ്തുതാ വിവരണ പത്രിക തയ്യാറാക്കി സമർപ്പിക്കുകയും ചെയ്ത സെക്രട്ടറി പ്രത്യേക അഭിനന്ദനം അർഹിക്കുന്നുണ്ട്. വളരെ അപൂർവ്വമായി മാത്രമെ 1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ടിന്റെ സാധ്യതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്ന വസ്തുതയുടെ സാഹചര്യത്തിൽ സമയ ബന്ധിതമായും ഫലപ്രദമായും നിയമപരമായ അധികാരം ഉപയോഗപ്പെടുത്തി ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച സെക്രട്ടറി, ഭരണ സമിതി എന്നിവരെ ഓഡിറ്റ് അഭിനന്ദിക്കുന്നു. നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്മേലുള്ള ഇടപെടലുകളും ഇതേ രീതിയിൽ തുടരേണ്ടതാണ്.

1-15 അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ

മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സ.ഉ(കൈ)നം.11/2018 L.S.G.D Dtd.29-1-18ലെ 7.8.2 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സാഹചര്യമൊരുക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 29 അങ്കണവാടികളിൽ 25 എണ്ണത്തിന് മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. 2 എണ്ണം വാടകകെട്ടിടത്തിലും, 2 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഭരണസമിതി മിനുട്ട്സ് പരിശോധിച്ചതിൽ, 22.06.2019 ലെ 142/19 നം. തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ 29 അങ്കണവാടികൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അങ്കണവാടികൾക്ക് ഫിറ്റ്നസ്സ് നൽകാൻ കഴിയില്ല എന്ന് അസി. എഞ്ചിനീയർ അറിയിച്ചതായും, ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വെൽഫയർ കമ്മറ്റി അടിയന്തരമായി അതത് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത് അങ്കണവാടികൾ താൽക്കാലിക കെട്ടിടത്തിലേക്ക് മാറ്റുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

ക്രമ നം	അങ്കണവാടിയുടെ പേര്	വാർഡ് നം	സെന്റർ നം.
1	ഇല്ലത്ത് താഴെ അങ്കണവാടി	14	98
2	തരിപ്പൂർ താഴെ അങ്കണവാടി	5	103
3	കസ്തൂർബ നെടുംപൊയിൽ അങ്കണവാടി	11	78
4	മഞ്ഞക്കുളം അങ്കണവാടി	14	96

22.03.2011ലെ 31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.

സ.ഉ(കൈ)11/2018/തസ്വഭവ തീ. 29.01.2018 ഖ 6.6(iv) ൽ അങ്കണവാടികൾ പോലെയുള്ള സാമൂഹ്യ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും, നിർമ്മാണത്തിനും ധനകാര്യകമ്മീഷൻ ഗ്രാന്റ്

വിനിയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി തയ്യാറാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കൂടാതെ, മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്നും റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്നും നിഷ്കർഷിക്കുന്നു. (ഇതേ ഉത്തരവ് ഖണ്ഡിക 6.7(1), (4)). ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ആസ്തി സംരക്ഷണപദ്ധതി തയ്യറാക്കിയിട്ടില്ല(ഖണ്ഡിക 1-16 കാണുക)

2016-17, 17-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും അങ്കണവാടികളുടെ ഫിറ്റ്നസ്സ് പരിശോധന നടത്തി ഫിറ്റ്നസ്സ് ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ അസി. എഞ്ചിനീയർ പരിശോധന നടത്തി ഫിറ്റ്നസ്സ് നൽകാൻ കഴിയാത്ത അങ്കണവാടികളുടെ വിവരം ഭരണസമിതിയെ അറിയിച്ചതായി മേൽ തീരുമാനത്തിൽ നിന്നും വ്യക്തമാകുന്നു. 2021-22 വർഷത്തിലും മേൽ പട്ടികയിൽ ക്രമനം.(4) മഞ്ഞക്കുളം അങ്കണവാടി(സെന്റർ നം. 96) ഒഴികെ മറ്റ് മൂന്ന് അങ്കണവാടികൾക്കും, സെന്റർ നം 77, ACKM നെടുംപൊയിൽ അങ്കണവാടിയ്ക്കും (വാർഡ് 11) ഫിറ്റ്നസ്സ് നൽകാൻ കഴിയില്ല എന്ന് അങ്കണവാടികളിൽ പരിശോധന നടത്തി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ അങ്കണവാടികൾ സുരക്ഷിതമല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും, താൽക്കാലികമായി മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനും 22.06.2019 ൽ തീരുമാനമെടുത്തിട്ടും നിലവിലും മേൽ സ്ഥാപനങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഓഡിറ്റിന്റെ ഭാഗമായി 15.01.2022 തീയതിയിൽ ACKM നെടുംപൊയിൽ അങ്കണവാടി സന്ദർശിച്ചതിൽ, കെട്ടിടത്തിന്റെ ചുമരുകളും, മേൽക്കൂരയും അപകടാവസ്ഥയിലാണ് എന്ന് കണ്ടു. മേൽക്കൂരയാകെ ചിതലരിച്ച് ജീർണ്ണിച്ച് ഓടുകൾ ഏതു സമയത്തും നിലംപതിക്കാമെന്ന അവസ്ഥയിലാണുള്ളത്. കസ്തൂർബ അങ്കണവാടിയുടെ കെട്ടിടവും സുരക്ഷിതമല്ല. കുട്ടികൾ ഇരിക്കുന്ന മുറിയിൽ ഫാൾസ് സീലിംഗ് ചെയ്തിരുന്നെങ്കിലും ഇത് പാതിയിലധികവും നശിച്ച അവസ്ഥയിലാണ്.

മേൽക്കൂരഭാഗം GI പൈപ്പ് ഉപയോഗിച്ച് ഓടുമേഞ്ഞിട്ടുണ്ട്. താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നിലവിലും ഈ രണ്ട് അങ്കണവാടികളും പ്രവർത്തിക്കുന്നത് ഇതേ കെട്ടിടങ്ങളിൽ തന്നെയാണ്.

മേൽ അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (13/2019-20 തീ. 14.01.2022) ലഭ്യമാക്കിയ മറുപടിയിൽ, തരിപ്പൂർതാഴെ അങ്കണവാടിയുടെ നവീകരണ പ്രവൃത്തി 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, ഇല്ലത്ത് താഴെ, കസ്തൂർബ അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇല്ലത്ത് താഴെ അങ്കണവാടിയ്ക്ക് അറ്റകുറ്റപ്പണികൾ മതിയാവും എന്നും, കസ്തൂർബ അങ്കണവാടിയ്ക്ക് പുതിയ കെട്ടിടം അത്യാവശ്യമാണെന്നും ഈ വിഷയങ്ങൾ അതത് വാർഡ് മെമ്പർമാരെ അറിയിച്ചിട്ടുണ്ടെന്നും അസി. എഞ്ചിനീയർ മറുപടി നൽകി.

കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം തങ്ങളുടെ മേഖലാ ചുമതല നിറവേറ്റുന്നതിൽ കാണിച്ച അലംഭാവം അംഗീകരിക്കാവുന്നതല്ല. അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുതകും വിധമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ട മുൻഗണന നൽകേണ്ടതും, മേൽ പരാമർശിച്ച അംഗൻവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-16 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട്

സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷികവിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. 2019-20 വർഷം ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2019-20തിയ്യതി 14.01.2022)മറുപടിലഭ്യമാക്കുകയോ എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1). ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2). തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3). ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4). മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി

പ്രോജക്ട് നം.	114/19-20
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ നൽകൽ
വകയിരുത്തിയ തുക	200,000/-(പൊതു.വികസന ഫണ്ട്)
ചെലവഴിച്ചതുക,ബിൽ നമ്പർ	199986/-(9/19-20, 4.9.19)

അറുപതു വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 14.03.19.ലെ NRO/Sales/733നമ്പർ ഇൻവോയ്സ് അനുസരിച്ച് 40 കട്ടിലുകൾ 199986/- രൂപക്ക് വാങ്ങി

വിതരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ഒരു കട്ടിലിന് 4999.65 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018ത.സ്വ.ഭ.വ.ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/-രൂപയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ വിതരണം ചെയ്യാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

40 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക	1,99,986
സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക (യൂണിറ്റിന് 4350 പ്രകാരം 40 യൂണിറ്റിന്)	1,74,000
അധികം ചെലവഴിച്ചതുക	25,986

സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റ് പ്രൈസിനുള്ളിലാണ് വില നിശ്ച്ചയിച്ചതെങ്കിലും 18% ജി.എസ്.ടി ഉൾപ്പെടുന്ന സാഹചര്യത്തിലാണ് വില നിലവാരം 4999.65 രൂപയിലേക്ക് ഉയർന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലൊന്നും തന്നെ യൂണിറ്റ് പ്രൈസ് എന്നത് നികുതികൾ ഉൾപ്പെടെ എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലാണ് മേൽ പ്രകാരം പർച്ചേസ് നടത്തിയത് എന്നും ബോധിപ്പിച്ചു. ഒരു ഉൽപ്പന്നത്തിന്റെ വില എല്ലാ നികുതികളും ചേർന്ന തുകയായതിനാൽ പരമാവധി സബ്സിഡി എന്നതിൽ നികുതികൾ ഉൾപ്പെട്ട വില പരിമിതപ്പെടുത്തേണ്ടതായിരുന്നു. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/-രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 25986/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-18 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി

പ്രോജക്റ്റ് നം.	111/19-20
പ്രോജക്റ്റിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ വിതരണം
വകയിരുത്തിയ തുക	379480/- (എസ്.സി.പി) 520/- (തനത് ഫണ്ട്)
ചെലവഴിച്ചതുക, ബിൽ നമ്പർ	299980/- (574/5.4.19)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അറുപതു വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 23.03.19.ലെ NRO/Sales/882 നമ്പർ ഇൻവോയ്സ് അനുസരിച്ച് 60 കട്ടിലുകൾ 299980/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഒരു കട്ടിലിന് 4999.67 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ വിതരണം ചെയ്യാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിയ്ക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

60 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക	299980
സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക(60x4350)	261000
അധികം ചെലവഴിച്ചതുക	38980

സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റ് പ്രൈസിനുള്ളിലാണ് വില നിശ്ചയിച്ചതെങ്കിലും 18% ജി.എസ്.ടി. ഉൾപ്പെടുന്ന സാഹചര്യത്തിലാണ് വിലനിലവാരം 4999.65 രൂപയിലേക്ക് ഉയർന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലൊന്നും തന്നെ യൂണിറ്റ് പ്രൈസ് എന്നത് നികുതികൾ ഉൾപ്പെടെ എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലാണ് മേൽ പ്രകാരം പർച്ചേസ് നടത്തിയത് എന്നും ബോധിപ്പിച്ചു. ഒരു

ഉൽപ്പന്നത്തിന്റെ വില എല്ലാ നികുതികളും ചേർന്ന തുകയായതിനാൽ പരമാവധി സബ്സിഡിയിൽ നികുതികൾ ഉൾപ്പെട്ട വില പരിമിതപ്പെടുത്തേണ്ടതായിരുന്നു. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/- രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 38980/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-19 പി.എച്ച്.സി.ബോർവെൽ നിർമ്മാണം-പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.	83/19-20
പ്രോജക്ടിന്റെ പേര്	പി.എച്ച്.സി ബോർവെൽ നിർമ്മാണം- ഭൂജലവകുപ്പിന് ഡെപ്പോസിറ്റ് ചെയ്യൽ
വകയിരുത്തിയ തുക	150000/- (MG_NR)
ചെലവഴിച്ചതുക, ബിൽ നമ്പർ	40180/- (209/17.02.20)

പി.എച്ച്.സി കെട്ടിടത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ബോർവെൽ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനായി സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം വകുപ്പിന്റെ എക്കൌണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. തുക കൈമാറുന്നതിനു മുമ്പ് വകുപ്പുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. പണം കൈമാറി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ ചമക്കാതെ തുക കൈമാറിയതിനും പ്രവൃത്തി പൂർത്തീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഡെപ്പോസിറ്റ് വർക്കിന് തുക കൈമാറുന്നതിനു മുമ്പെ കരാർ ചമക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-20 നടുവിലത്തറ കുടിവെള്ള പദ്ധതി - വ്യത്യസ്ത ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയതും, ആസൂത്രണത്തിലെ അപാകതകളും

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ മേൽ

കുടിവെള്ള പദ്ധതിക്കായി ആസൂത്രണം ചെയ്ത പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്റ്റ്	നടുവിലത്തറ കുടിവെള്ള പദ്ധതി		
1	പ്രോജക്റ്റ് നം	140/21		
	നിർവ്വഹണം	അസി.എഞ്ചിനീയർ		
	വകയിരുത്തിയ തുക	26,00,000	11,97,594	വികസനഫണ്ട്-ജനറൽ
			4,02,406	തനത് ഫണ്ട്
			10,00,000	ജില്ലാ പഞ്ചായത്ത് വിഹിതം
	ചെലവഴിച്ച തുക	24,54,238	5,64,000	
			6,87,238	11/2019-20 . 29.08.2019
			2,03,000	ചെക്ക് നം. XY-2848173/ 31.03.20
			10,00,000	JK-1608223
	സാങ്കേതികാനുമതി	102240/2017-18		
	ഭരണാനുമതി, തുക	325/2018/21.11.18; 26,36,250/-		

2	നടുവിലത്തറ കുടിവെള്ള പദ്ധതി		
	പ്രോജക്ട് നം	169/20	
	നിർവ്വഹണം	സെക്രട്ടറി	
	വകയിരുത്തിയ തുക	2,000	തനത് ഫണ്ട്
		1,32,000	ജില്ലാ പഞ്ചായത്ത് വിഹിതം
	ചെലവഴിച്ച തുക	തൻവർഷം തുക ചെലവഴിച്ചിട്ടില്ല	
3	നടുവിലത്തറ കുടിവെള്ള വൈദ്യുതിലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ(170/20)		
	നിർവ്വഹണം	സെക്രട്ടറി	
	വകയിരുത്തിയ തീയതി	200	തനത് ഫണ്ട്
		30511	ജിപ വിഹിതം
	ചെലവഴിച്ച തുക	-	

കുടിവെള്ള പദ്ധതിയ്ക്കായി കിണർ, ടാങ്ക്, പമ്പ് ഹൗസ്, ജലവിതരണ പൈപ്പുകൾ, വൈദ്യുതി കണക്ഷൻ എന്നിവയ്ക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. 02.03.2018 ൽ നടത്തിയ ഇ-ടെണ്ടറിലും, 26.03.2018ൽ നടത്തിയ റി-ഇടെണ്ടറിലും ആരും പങ്കെടുത്തിരുന്നില്ല. കരാർ വച്ച് പ്രവൃത്തി നടത്തിയിരിക്കുന്ന രാവറ്റമംഗലം ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ പ്രവൃത്തി എൽപിച്ചത് എങ്ങിനെയെന്ന് വ്യക്തമല്ല. 31.03.2018 ൽ സൊസൈറ്റി സെക്രട്ടറിയുമായി കരാർ (45/17-18) വച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പിന്നീട് പുതുക്കിയിട്ടുണ്ട് (24,57,898/-)

2017-18ൽ കരാർ വച്ച് പ്രവൃത്തി ആരംഭിച്ച പദ്ധതി 4 വർഷം കഴിഞ്ഞ് 2020-21 വർഷത്തിലാണ് പദ്ധതി പ്രവർത്തനക്ഷമമാക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി 12.01.2022- ൽ നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതി പ്രവർത്തനക്ഷമമാക്കി ജലവിതരണം നടത്തി വരുന്നതായി കണാൻകഴിഞ്ഞു. ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1). ഈ കുടിവെള്ള പദ്ധതിയ്ക്കായി 2018-19, 2019-20 വർഷങ്ങളിൽ 24,54,238/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 11,99, 809/- രൂപ കൈമാറിയിരിക്കുന്നത് ശ്രീ.ബാലൻ നമ്പ്യാർ എന്നവരുടെ 67378756436 നം അക്കൗണ്ടിലേക്കും, 11,28,750/- രൂപ രാവറ്റമംഗലം ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 799010100119863 നം അക്കൗണ്ടിലേക്കുമാണ്. ഒരേ പ്രവൃത്തിയുടെ തുക രണ്ട് അക്കൗണ്ടിലേക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതി പൂർത്തിയാക്കി ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറിയതിന്റെയും, കരാർ വച്ചതിന്റെയും രേഖകൾ ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

3. ഒരു കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനു മുന്നോടിയായി നടത്തേണ്ട സാധ്യതാപഠനം നടത്തിയതായി കാണുന്നില്ല. പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതി പ്രദേശം, ആവശ്യമായ ജലത്തിന്റെ അളവ്, കിണറിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവ്, ഏറ്റവും ഉയർന്ന പദ്ധതി പ്രദേശം, വാട്ടർടാങ്കിന്റെ കപ്പാസിറ്റിയും ഉയരവും എന്നിവ കണക്കാക്കിയതായി കാണുന്നില്ല.

4. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വാട്ടർ ടാങ്കിലേക്ക് ലാഡർ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. കൂടാതെ, വൈദ്യുതീകരണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മറ്റൊരു പദ്ധതിക്ക് തുക വകയിരുത്തിയെങ്കിലും ആയത് 2019-20 വർഷത്തിൽ നടപ്പാക്കിയതുമില്ല. പദ്ധതികൾ രൂപീകരിക്കുമ്പോൾ സമഗ്രമായി എല്ലാ പ്രവർത്തികളും ഉൾപ്പെടും വിധം തയ്യാറാക്കേണ്ടതും, നിർവ്വഹണത്തിന് കൂടുതൽ സമയം വേണ്ടി വരുന്നവ ബഹുവർഷ പ്രോജക്ടുകളാക്കി രൂപവൽകരിക്കാവുന്നതുമാണ്.

5. സൈറ്റ് കൈമാറിയതിന്റെ വിവരം, സെലക്ഷൻ നോട്ടീസ്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയവ ഫയലിൽ ലഭ്യമല്ല.

അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/2019-20 തീ. 12.02.2022) നൽകിയ മറുപടിയിൽ കുടിവെള്ള പദ്ധതിയുടെ പാർട്ട്ബിൽ തുക കൈമാറാനായി നൽകിയ അക്കൗണ്ട്

നം. 67378756436 ആയിരുന്നെന്നും, ആയത് സൊസൈറ്റിയുടെ ഒഫീഷ്യൽ ബാങ്ക് അക്കൗണ്ട് തന്നെയാണ് എന്നും, പിന്നീട് സൊസൈറ്റിയുടെ ട്രഷറി അക്കൗണ്ടിലേക്കാണ് തുക നൽകിയിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ ആസൂത്രണത്തിൽ സംഭവിച്ച പിഴവുകൾ ആവർത്തിക്കുന്നതല്ല എന്നും, വാട്ടർടാങ്കിലേക്ക് ഗോവണി സ്ഥാപിക്കുന്നത് വിട്ടു പോയതാണെന്നും ആയത് മറ്റേതെങ്കിലും പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ (കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.1. ബി പ്രകാരം എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത്തരം വ്യവസ്ഥകൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തത് വിശദീകരിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറാത്തത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾക്ക് കരാർ വെച്ച് കൈമാറി അറിയിക്കേണ്ടതാണ്.

1-21 പൊതു മരാമത്ത് പ്രവൃത്തികൾ - ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ

ഗ്രാമപഞ്ചായത്ത് തൻവർഷം 40 പുതിയ പദ്ധതികളും, 27 സ്പിൽ ഓവർ പദ്ധതികളും ചേർത്ത് ആകെ 67 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ആയതിൽ 31 പദ്ധതികൾ നടപ്പാക്കി. ഇവയിൽ 12 പുതിയ പദ്ധതികളും 19 സ്പിൽഓവർ പ്രവൃത്തികളുമാണ് നടപ്പാക്കിയിട്ടുള്ളത്. 36 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കാതെ പോയ 36 പദ്ധതികളിൽ 8 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. നടപ്പാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ പദ്ധതി

തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 27 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്. 3,94,92,047/- രൂപ വകയിരുത്തിയതിൽ 1,29,91,018/- രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത് (32.89%) അംഗീകാരം നേടിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികളാണ്. ഇത് കൂടാതെ, അംഗീകാരം വാങ്ങിയ 67 പൊതുമരാമത്ത് പ്രവൃത്തികളിൽ 39 പദ്ധതികളും 5,00,000 ലക്ഷത്തിൽ കുറവ് അടങ്കൽ വരുന്നവയാണ്. ഈ രീതിയിൽ ചെറിയ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ രീതിയിലാണ് നടത്തുന്നത്.

പദ്ധതി രൂപീകരണ, നിർവ്വഹണത്തിൽ കണ്ട മറ്റ് അപാതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികൾ സമഗ്രമായി ആവിഷ്ക്കരിക്കുന്നില്ല

കുടിവെള്ള പദ്ധതികൾ, കെട്ടിട നിർമ്മാണ/നവീകരണ പദ്ധതികൾ എന്നിവയുടെ കാര്യത്തിൽ ഒരേ നിർമ്മാണത്തിന്റെ പല ഘടകങ്ങൾക്കായ് വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുന്നു. കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ കിണർ, വാട്ടർ ടാങ്ക്, ജലവിതരണ പൈപ്പുകളുടെ സ്ഥാപനം എന്നിവ ഒരു പദ്ധതിയായും വൈദ്യുതീകരണം പോലുള്ളവയ്ക്കായി മറ്റ് പ്രോജക്ടുകളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. ഉദാഹരണമായി, നടുവിലത്തറ കുടിവെള്ള പദ്ധതി, ധർമ്മക്കുന്ന് കുടിവെള്ള പദ്ധതികൾ തുടങ്ങിയവ. കെട്ടിട നിർമ്മാണ/നവീകരണ പദ്ധതികളുടെ കാര്യത്തിലും ഈ അപാകത നിലനിൽക്കുന്നു. 2019-20 വർഷത്തിൽ മരുതേരി പറമ്പ് റിക്രിയേഷൻ സെന്ററിനുവേണ്ടി രണ്ട് പദ്ധതികളാണ് ആവിഷ്ക്കരിച്ചത്. മരുതേരിപറമ്പ് റിക്രിയേഷൻ സെന്റർ നവീകരണം(136/20), മരുതേരിപറമ്പ് റിക്രിയേഷൻ സെന്റർ പൂർത്തീകരണം(139/20) എന്നിവ. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	ഫണ്ടിനം	ചെലവഴിച്ച തുക	നിർവ്വഹണം
1	ധർമ്മക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കലും വൈദ്യുതീ കരണവും	2,50,000	CSR Fund (Bevco)	-	സെക്രട്ടറി

2	ധർമ്മക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് കെ. എസ്. ഇ. ബി ക്ക് ഡെപ്പോസിറ്റ് ചെയ്യൽ	1,37,820		1,37,820	സെക്രട്ടറി
3	ധർമ്മക്കുന്ന് കുടിവെള്ള പദ്ധതി(143/20)	2,86,2000		17,71,677	അസി. എഞ്ചിനീയർ
4	നടുവിലത്തറ കുടിവെള്ള പദ്ധതി വൈദ്യുതീ കരണം (169/20)	2000	തനത് ഫണ്ട്	-	സെക്രട്ടറി
		132000	ജില്ലാ പഞ്ചായത്ത് ഫണ്ട്		
5	നടുവിലത്തറ കുടിവെള്ള വൈദ്യുത ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ (170/20)	200	തനത് ഫണ്ട്		സെക്രട്ടറി
		30511	ജില്ലാ പഞ്ചായത്ത് ഫണ്ട്		
6	നടുവിലത്തറ കുടിവെള്ള പദ്ധതി (143/20)	1197594	വികസന ഫണ്ട് പൊതു	1890238	അസി. എഞ്ചിനീയർ
		402406	തനത് ഫണ്ട്		
		10000000	ജിപ വിഹിതം		
7	മരുതേരിപറമ്പ് റിക്രിയേഷൻ	2,00,000	മെയിന്റനൻസ് ഗ്രാന്റ്	2,00,000	അസി. എഞ്ചിനീയർ

	സെന്റർ നവീകരണം (136/20)		റോഡിതരം		
8	മരുതേരിപറമ്പ് റിക്രിയേഷൻ സെന്റർ പൂർത്തീകരണം	1600 198400	തനത് ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം	-	അസി. എഞ്ചിനീയർ

പദ്ധതികൾ രൂപീകരിക്കുമ്പോൾ സമഗ്രമായി എല്ലാ പ്രവൃത്തികളും ഉൾപ്പെടും വിധം തയ്യാറാക്കേണ്ടതും, നിർവ്വഹണത്തിന് കൂടുതൽ സമയം വേണ്ടി വരുന്നവ ബഹുവർഷ പ്രോജക്ടുകളാക്കി രൂപവൽകരിക്കാവുന്നതുമാണ്.

<u>2 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു</u>

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. ഇത് പലപ്പോഴും എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്നതിന് കാരണമാകുന്നു. സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും അപാകതയുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ റോഡുകളുടെ പ്രവൃത്തി എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3 <u>പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തി ഫയലുകളിൽ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രോജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ്

നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രോജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവൃത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു.

പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇല്ല. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഒന്നും ഉൾക്കൊള്ളുന്നില്ല. പഞ്ചായത്ത് അധീനതയിലുള്ള റോഡുകളുടെ തരം, നീളം, വീതി അറ്റകുറ്റപണികൾ ആവശ്യമായ റോഡുകളുടെ വിവരങ്ങൾ എന്നിവ ഒന്നും ഇല്ലാതെയാണ് തൻവർഷത്തെ റോഡ് നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. മേഖല നേരിടുന്ന പ്രശ്നങ്ങൾ, പ്രശ്നവിശകലനം പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ എന്നിവയില്ലാത്തതിനാൽ തന്നെ പ്രോജക്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. ആയതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി തുക ചെലവഴിക്കപ്പെടുന്നു എന്നല്ലാതെ ആയത് ആവശ്യങ്ങൾക്ക് അനുസൃതമായിരുന്നോ എന്നും, ഫലപ്രദമായിരുന്നോ എന്നുമുള്ള പരിശോധന സാധ്യമാവാതെ വരുന്നു. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നത് മുതൽ പദ്ധതികളുടെ മോണിറ്ററിംഗ് വരെയുള്ള ഘട്ടങ്ങളിൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5. ആസ്തി സംരക്ഷണ പദ്ധതിയില്ല- റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി

സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ അസി.എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാര മല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

6. മറ്റ് പ്രധാന അപാകതകൾ

1. മിക്ക പ്രവൃത്തികളുടെയും ഫയലിൽ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയതിന്റെ രേഖകൾ എന്നിവയില്ല. സെലക്ഷൻ നോട്ടീസ് ഫയലിൽ സൂക്ഷിക്കാത്തത് കാരണം ടെണ്ടർ അംഗീകരിച്ച് സമയബന്ധിതമായി കരാർ വെക്കുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

2 പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം അടക്കം ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല. (ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1)

3. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

4. പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/2019-20 തീ. 14.01.2022) നൽകിയ മറുപടിയിൽ, ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉണ്ടായ പിഴവുകളാണ് എന്നും, ഭാവിയിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ സമഗ്രമായി എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി സമഗ്രമായി തയ്യാറാക്കാൻ ശ്രമിക്കുന്നതാണെന്നും, മറ്റ് അപാകതകളും പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിലേക്കായി നിർദ്ദേശങ്ങൾ

ചുവടെ ചേർക്കുന്നു.

1. റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയ്ക്കുള്ള അടങ്കലിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് റോഡുകൾ പൂർണ്ണമായും ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക.
2. ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക
3. മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
4. ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുക.
5. പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭ, വർക്കിംഗ്ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലേയും പദ്ധതികൾ അതാത് ഗ്രാമസഭകൾ അംഗീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
6. പൂർത്തിയാക്കുന്ന ഓരോ പദ്ധതിയും വിശദമായി മോണിറ്ററിംഗ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

മരാമത്ത് പണികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾ പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതുമാണ്.

1-22 എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി

പ്രോജക്ടിന്റെ പേര് -- എസ്.എസ്.എ.വിഹിതം നൽകൽ

പ്രോജക്ടിന്റെ നമ്പർ -- 16/20

വകയിരുത്തിയ തുക ചെലവ് തുക

എസ്.സി.പി 3,00,000 Bill No.2/19-20 തി.14.11.19 3,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം

എസ്.എസ്.എ.വിഹിതം നൽകുന്നതിനായി പട്ടികജാതി ഉപപദ്ധതി വിഹിതമിനത്തിൽ 3 ലക്ഷം രൂപ എസ്.എസ്.കെ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. തൻവർഷം രണ്ടു പ്രോജക്ടുകളിലായി എട്ട് ലക്ഷം രൂപ (5,00,000+3,00,000) എസ്.എസ്.കെ ക്ക് നൽകിയതിൽ അഞ്ച് ലക്ഷം വികസന ഫണ്ട് പൊതുവിഹിതത്തിൽ നിന്നും മൂന്ന് ലക്ഷം രൂപ എസ്.സി.പി വിഹിതത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് ആകെ ചെലവിന്റെ 37.5% തുകയും എസ്.സി.പി ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽനിന്നും വഹിക്കാവുന്നതാണെങ്കിലും പട്ടിക ജാതികുട്ടികളുടെ എണ്ണത്തിന് ആനുപാതികമായേ തുക ചെലവഴിക്കാൻ പാടുള്ളൂ. (സ.ഉ.കൈ.നം.11/2018 തസ്വഭവ, തീയതി. 29.01.18 ഖ.5.2.1(2)) പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തിലെ 12 സ്കൂളുകളിലായി പഠനം നടത്തിയ കുട്ടികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ആകെ കുട്ടികളുടെ എണ്ണം	എസ്.സി. കുട്ടികളുടെ എണ്ണം	%
6264	366	5.84

ആകെ കുട്ടികളുടെ 5.84% പട്ടികജാതി കുട്ടികളുള്ള പഞ്ചായത്തിൽ 37.5% എസ്.സി.പി.വിഹിതം എസ്.എസ്.കെ ക്കു വേണ്ടി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായേ തുക ചെലവഴിക്കാവൂ എന്ന് അറിയാത്തതിനാലാണ് ഇത്തരത്തിൽ ചെലവഴിക്കാനിടവന്നതെന്നും ഭാവിയിൽ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പട്ടികജാതി ഉപപദ്ധതി വിഹിതം മാർഗ്ഗരേഖക്കനുസൃതമായി ചെലവഴിക്കേണ്ടതും പദ്ധതി നിർദ്ദേശങ്ങൾ വിലയിരുത്തിയശേഷം മാത്രം എസ്.എസ്.കെ. ഫണ്ട് കൈമാറേണ്ടതുമാണ്.

1-23 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കിയില്ല.

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്.

വാർഷിക കണക്കുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില

(ടെണ്ടർ ഫീ) പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. നാളിതുവരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും പഞ്ചായത്തിൽ വരവുവന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (9/2019-20 തീ. 15.01.2022) നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇ-ടെണ്ടർ, റീ-ഇടെണ്ടർ ചെയ്യുന്ന പദ്ധതികളുടെ ടെണ്ടർഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരുടെ ടെണ്ടർ ഫീ അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. മുൻവർഷങ്ങളിലേതടക്കം ഉള്ള ടെണ്ടർഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ആസ്തികളുടെ പരിപാലനത്തിലും സംരക്ഷണത്തിലും വീഴ്ച.

ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തിൽ താഴെ പറയുന്ന ആസ്തികളിന്മേലുള്ള മേലനുഭവം ലേലം ചെയ്യുകയും ആസ്തിയിലെ മരം മുറിച്ച് വിൽപന നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഭൂമി സംബന്ധിച്ച വിവരം പോലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. അരിമ്പാലൻ പറമ്പ് കോളനി
2. അരീക്കൽ ചാൽ കോളനി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയതും വിലയ്ക്ക് വാങ്ങിയതുമായ മുഴുവൻ ഭൂമിയുടെയും രേഖകൾ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും മേൽ ഭൂമികളുടെ അതിരുകൾ അടയാളപ്പെടുത്തി സംരക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിക്കും കരമൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ വിഭാവനം ചെയ്ത ആവശ്യകതയിൽ നിന്നും വ്യതിചലിച്ച് ഉപയോഗപ്പെടുത്തുന്നതായി കാണുന്നു.

ക്രമ	ആസ്തിയുടെ പേര്, വിസ്തീർണ്ണം	നിലവിലെ ഉപയോഗം

നം		
1	വനിതാ ഉത്പന്ന വിപണന കേന്ദ്രം, 84 ച.മീ	തൊഴിലുറപ്പ് പദ്ധതി കാര്യാലയം
2	എസ്.സി ട്രെയിനിംഗ് സെന്റർ, 134 ച.മീ	സമ്മേളന ഹാൾ ആയി ഉപയോഗിക്കുന്നു
3	വൃദ്ധ വികലാംഗ മന്ദിരം, 129 ച.മീ	കൃഷിഭവന് വേണ്ടി ഉപയോഗിക്കുന്നു.

മേൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി മുൻവർഷങ്ങളിൽ ആസൂത്രണം ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള വിവിധങ്ങളായ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി, വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും വികസന ഫണ്ട് വകയിരുത്തിയും നിർമ്മിച്ച മേൽ കെട്ടിടങ്ങൾ നിലവിൽ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നത് ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്.

അപാകതക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല. ദീർഘകാലത്തേക്കുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ തുടർ മോണിറ്ററിംഗ് ചുമതല വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഉത്തരവാദിത്തമാണ്. മേൽ ഘടകങ്ങൾ പദ്ധതി മുഖേന വിഭാവനം ചെയ്ത ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ കെട്ടിടങ്ങളിൽ മതിയായ ഭൗതികസാഹചര്യം ഇല്ലെന്നത് വസ്തുതയാണെങ്കിലും മറ്റ് മേഖലകളിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തികൾ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന നടപടിയെ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ലൈബ്രറി നടത്തിപ്പിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടവും സെക്ഷൻ 166 - മൂന്നാം പട്ടിക - ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ വായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേപ്പയ്യൂർ ഗ്രാമോദയ വായനശാലയുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന

അപാകതകൾ കണ്ടെത്തി.

ഈ വായനശാല നിലവിൽ വായനാ സമൂഹത്തിനു ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത വിധം നാശത്തിന്റെ വക്കിലാണ്. നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വായനശാല ഇപ്പോൾ ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് .

പഞ്ചായത്തിലെ 2016 -ൽ ചേർന്ന വിദ്യാഭ്യാസ സാംസ്കാരിക യുവജനസേവ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം ചുവടെ ചേർക്കുന്നു

1. മേപ്പയ്യൂർ ഗ്രാമോദയ വായന ശാലയ്ക്ക് ഫർണീച്ചർ പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുക .
2. ലൈബ്രറി നവീകരിക്കുക.

വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ യോഗങ്ങളിലും വായനശാല നവീകരണ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് ഭരണ സമിതിയുടെയും, ലൈബ്രറി ഭരണ സമിതിയുടെയും, വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും യാതൊരു ഇടപെടലുകളും ഉണ്ടായതായി കാണുന്നില്ല. ലൈബ്രറി സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് പരിശോധിച്ച് സെക്രട്ടറി പുസ്തകങ്ങളുടെ സ്റ്റോക്ക് അവസാനമായി സാക്ഷ്യപ്പെടുത്തിയത് 30.3.2011ന് ആണ്. സ്റ്റോക്ക് രജിസ്റ്റർ ചിതലരിച്ച് ഭാഗികമായി നശിച്ചു പോയ സ്ഥിതിയിൽ ആയതിനാലും, 10 വർഷത്തോളമായി പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടില്ലാത്തതിനാലും വായനശാല നിലവിൽ പ്രവർത്തന നിരതമല്ലെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

2019-20 വർഷത്തിൽ ലൈബ്രറി ഫീ ഇനത്തിൽ ആകെ 386 രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. ഏഴു മെമ്പർഷിപ്പ് പുതുക്കൽ മാത്രമേ നടന്നിട്ടുള്ളു.

വായനശാലയുടെ നവീകരണത്തിനും, ലൈബ്രറി കൗൺസിൽ അംഗീകാരം വീണ്ടെടുക്കുന്നതിനും, പുസ്തകങ്ങൾ വായനാസമൂഹത്തിനു ഉപയോഗയോഗ്യമാക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും എന്ത് ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളതെന്നു ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം വായനശാല കെട്ടിട പുനരുദ്ധാരണത്തിന് 234000 രൂപ വകയിരുത്തിയതായി അറിയിച്ചിട്ടുണ്ട്. വായനശാല പുനരുദ്ധാരണം നടത്തി വായനസമൂഹത്തിനു ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 വനവികസന നികുതി അടവാക്കിയില്ല

മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള തനത് ഫണ്ട്

വൗച്ചറുകളുടെ പരിശോധനയിൽ, മരം മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുവാദം വാങ്ങുകയും തടിയുടെ വില നിശ്ചയിച്ച് ലേലാനുമതി നൽകുകയും ചെയ്തതായി കാണുന്നുണ്ട്. എന്നാൽ താഴെ പറയുന്ന മരം മുറിയുമായി ബന്ധപ്പെട്ട ലേലത്തുകയും 5 ശതമാനം വനവികസന നികുതിയായി അടക്കേണ്ടതും, മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം പത്തിരട്ടി മരങ്ങൾ വെച്ചു പിടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണെന്ന നിബന്ധനകൾ പാലിച്ചു കാണുന്നില്ല.

	ലേല തുക	വനവികസന നികുതി
അരിമ്പാലം പറമ്പ് കോളനി	21000	1050
ചെട്ടിവീട് കോളനി	550	28
		1078

വനവികസന നികുതി അടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-27 മുൻകാല റിപ്പോർട്ടുകളിന്മേലുള്ള നടപടികൾ

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള നടപടിക്രമങ്ങൾ, തടസ്സങ്ങൾ തീർപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ പരിശോധിക്കുകയുണ്ടായി.

1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. 1997-98 മുതൽ 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലായി 259 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്.

ഒരേ കാര്യങ്ങൾ തന്നെ ആവർത്തിച്ചുന്നയിക്കേണ്ടി വരികയും, നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. ഉദാ..1. തനത് വരുമാനത്തിന്റെ ഡിമാന്റിന്റെ കൃത്യത ക്രമപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം.

അധിക തുക നൽകിയത് സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങളുണ്ട്. മേൽ പരാമർശങ്ങൾ ഓഡിറ്റ് സമയത്തും തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്. ഉദാ- 1997-98 ലെ ഖണ്ഡിക 13, 1998-99 ലെ ഖണ്ഡിക 31,32 , 2001-02 വർഷത്തെ ഖണ്ഡിക 8 , 2007-08 ഖണ്ഡിക 3-3 എന്നിവ.

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അനന്തരന ടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചറിയാൻ കഴിഞ്ഞ 3 വർഷത്തെ (2016-17, 2017-18, 2018-19) ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഫയൽ

പരിശോധിക്കുകയുണ്ടായി.

25.10.17 ന് കൈപ്പറ്റിയ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് 10.01.18 ന് മറുപടി നൽകി. 22 പരാമർശങ്ങളിൽ 9 പരാമർശങ്ങൾ നടപടികൾ സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ടെങ്കിലും 13 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. മേൽ ഖണ്ഡികകൾ തീർപ്പാക്കാൻ പിന്നീട് യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

17 തടസ്സങ്ങളുള്ള 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 05.04.19 ന് കൈപ്പറ്റിയെങ്കിലും, പ്രഥമമറുപടി നൽകാൻ 9 മാസം വൈകിയിട്ടുണ്ട്. പ്രഥമമറുപടിയിന്മേൽ നൽകിയ അനന്തരപരാമർശത്തിൽ 13 ഖണ്ഡികകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് 16.03.2020 സ്ഥാപനത്തിന് ലഭ്യമായെങ്കിലും 2 മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കേണ്ടിയിരുന്ന പ്രഥമമറുപടി 9 മാസത്തിനു ശേഷം 23.12.2020 ന് മാത്രമാണ് ലഭ്യമാക്കിയത്. 19 തടസ്സങ്ങളുണ്ടായിരുന്ന ഓഡിറ്റ് റിപ്പോർട്ടിന്മേൽ നാളിതുവരെ തീർപ്പാക്കിയത് 6 എണ്ണം. 13 ഖണ്ഡികകൾ ഇപ്പോഴും തീർപ്പാക്കാനവശേഷിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം, 20, 23 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം പ്രഥമമറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച് നടപടികൾ അറിയിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി

പ്രോജക്ട് നം.	114/19-20
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ നൽകൽ
വകയിരുത്തിയ തുക	200,000/-(പൊതു.വികസന ഫണ്ട്)

ചെലവഴിച്ചതുക, ബിൽ നമ്പർ	199986/-(9/19-20, 4.9.19)

അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 14.03.19.ലെ NRO/Sales/733നമ്പർ ഇൻവോയ്സ് അനുസരിച്ച് 40 കട്ടിലുകൾ 199986/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ഒരു കട്ടിലിന് 4999.65 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/-രൂപയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ വിതരണം ചെയ്യാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

40 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക	1,99,986
സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക (യൂണിറ്റിന് 4350 പ്രകാരം 40 യൂണിറ്റിന്)	1,74,000
അധികം ചെലവഴിച്ചതുക	25,986

സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റ് പ്രൈസിനുള്ളിലാണ് വില നിശ്ച്ചയിച്ചതെങ്കിലും 18% ജി.എസ്.ടി ഉൾപ്പെടുന്ന സാഹചര്യത്തിലാണ് വില നിലവാരം 4999.65 രൂപയിലേക്ക് ഉയർന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലൊന്നും തന്നെ യൂണിറ്റ് പ്രൈസ് എന്നത് നികുതികൾ ഉൾപ്പെടെ എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലാണ് മേൽ പ്രകാരം പർച്ചേസ് നടത്തിയത് എന്നും ബോധിപ്പിച്ചു. ഒരു ഉൽപ്പന്നത്തിന്റെ വില എല്ലാ നികുതികളും ചേർന്ന തുകയായതിനാൽ പരമാവധി സബ്സിഡി എന്നതിൽ നികുതികൾ ഉൾപ്പെട്ട വില പരിമിതപ്പെടുത്തേണ്ടതായിരുന്നു. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/-രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 25986/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-2 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അധികതുകനൽകി

പ്രോജക്റ്റ് നം.	111/19-20
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ വിതരണം
വകയിരുത്തിയ തുക	379480/- (എസ്.സി.പി) 520/- (തനത് ഫണ്ട്)
ചെലവഴിച്ചതുക, ബിൽ നമ്പർ	299980/- (574/5.4.19)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 23.03.19.ലെ NRO/Sales/882 നമ്പർ ഇൻവോയ്സ് അനുസരിച്ച് 60 കട്ടിലുകൾ 299980/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഒരു കട്ടിലിന് 4999.67 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ വിതരണം ചെയ്യാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിയ്ക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

60 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക	299980
സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക(60x4350)	261000
അധികം ചെലവഴിച്ചതുക	38980

സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റ് പ്രൈസിനുള്ളിലാണ് വില നിശ്ചയിച്ചതെങ്കിലും 18% ജി.എസ്.ടി. ഉൾപ്പെടുന്ന സാഹചര്യത്തിലാണ് വിലനിലവാരം 4999.65 രൂപയിലേക്ക് ഉയർന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലൊന്നും തന്നെ യൂണിറ്റ് പ്രൈസ് എന്നത് നികുതികൾ ഉൾപ്പെടെ എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലാണ് മേൽ പ്രകാരം പർച്ചേസ് നടത്തിയത് എന്നും ബോധിപ്പിച്ചു. ഒരേ ഉൽപ്പന്നത്തിന്റെ വില എല്ലാ നികുതികളും ചേർന്ന തുകയായതിനാൽ പരമാവധി സബ്സിഡിയിൽ നികുതികൾ ഉൾപ്പെട്ട വില പരിമിതപ്പെടുത്തേണ്ടതായിരുന്നു. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/- രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 38980/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭാഗം -4

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	5,00,000	ലൈഫ് ഭവന നിർമ്മാണം ജനറൽ (3/20)	5,00,000	-
		4,50,000	പുലപ്രക്കുന്ന് കോളനി വീട് നിർമ്മാണം(159/20)	-	4,50,000

	3,00,000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത നൽകൽ(63/20)	3,00,000	-
	75,000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത നൽകല്(63/20)	75,000	-
	1,00,000	അങ്കണവാടി പോഷകാഹാരം (52/20)	1,00,000	-
	12,00,000	ക്ഷീരകർഷകർക്ക് പാലളവിനനുസരിച്ച് ഇൻസന്റീവ്(98/20)	12,00,000	-
	1,75,000	ലൈഫ് ഭവന നിർമ്മാണം - എസ്.സി(108/20)	1,75,000	-
	1,50,000	നെൽകൃഷി വികസനം(14/20)	1,50,000	-
ജില്ലാ പഞ്ചായത്ത്	10,00,000	നടുവിലത്തറ കുടിവെള്ള പദ്ധതി(140/20)	10,00,000	-
	7,50,000	ലൈഫ് ഭവന നിർമ്മാണം ജനറൽ(3/20)	7,50,000	
	3,22,400	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത	3,22,400	

		നൽകൽ(63/20)		
	24,00,000	പുലപ്രക്കുന്ന് കോളനി വീട് നിർമ്മാണം (150/20)	-	24,00,000

വാർഷികകണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം, സംയുക്ത പ്രൊജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭ്യമായ തുകയിൽ 6,31,000/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഇതിൽ 6,000/- രൂപ 01.04.2018 ൽ മുന്നിരിപ്പായി ഉണ്ടായിരുന്ന തുകയാണ്. ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്	പി.എച്ച്.സി ബോർവെൽ നിർമ്മാണം	191607000000009677/ 22.02.2020	40180	-	40180

കെ.എസ്. ഇ.ബി	ധർമ്മക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീ കരണം ഇലക്ട്രിക് ലൈൻ വലിക്കു ന്നതിന് കെ.എസ്. ഇ.ബി ക്ക് ഡെപ്പോസിറ്റ് ചെയ്യൽ	21904046 /13.02.2020	137820	-	137820

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക
				മുതൽ	പലിശ	
ലൈഫ്ഭവന നിർമ്മാണം	-	8060000	20860000	2073529	-	26846471

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	87,98,887

തൻവർഷം നിക്ഷേപിച്ച തുക	24,26,286
ആകെ	1,12,25,173
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,12,25,173

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക
1	ഇ.എം.എസ് ആശുപത്രി ഷെയർ			10,000
2	മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക്			67,34,981
3	ട്രഷറി സേവിംഗ്സ് ബാങ്ക്, പയ്യോളി			3,00,000
4	ജില്ലാ സഹകരണ ബാങ്ക് കോഴിക്കോട്, മേപ്പയ്യൂർ			15,96,678
5	മേപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്, മേപ്പയ്യൂർ			25,83,514
	ആകെ			1,12,25,173

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 212/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
1997-98	20	212	ശ്രീ. ജയേഷ്, കൃഷി ഓഫീസർ	119170100617 Dtd 12.06.2019

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	1(9)	2004-05	11.1.2.8	ബജറ്റ് അംഗീക രിച്ചിട്ടില്ല	തടസ്സം തുടരുന്നു
1997-98	ഭാഗം 1	2004-05	11.1.1.5	ക്യാഷ് ബുക്കും രജിസ്ററും എഴുതിയില്ല	തടസ്സം തുടരുന്നു
1997-98	1	2004-05	11.1.2.6	ബജറ്റ് അംഗീകരി ച്ചിട്ടില്ല	തടസ്സം തുടരുന്നു
1997-98		2004-05	11.1.3.32	നികുതി പിരിവിൽ അലംഭാവം	തടസ്സം തുടരുന്നു
1998-99	1	2004-05	11.1.2.7	ബജറ്റ്	തടസ്സം തുടരുന്നു

				അംഗീകരിച്ചിട്ടില്ല	
1998-99		2004-05	11.1.3.37	നികുതി പിരിവിൽ അലംഭാവം	തടസ്സം തുടരുന്നു
1999-00	33	2003-04	11.13.5.11	മൈത്രി ഭവനപദ്ധതി	തടസ്സം തുടരുന്നു
2000-01 (പദ്ധതി ചെലവ്)	6	2004-05	11.1.4.7	തൊഴിൽ പരിശീലന പദ്ധതികൾ	തടസ്സം തുടരുന്നു
2000-01	8	2004-05	3.11.7.5.1	കുടിവെള്ള പദ്ധതി-തുക അധികം നൽകി	ബഹു.ഹൈക്കോടതി വിധിയനുസരിച്ച്. നടപടി കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം
2000-01	3-6	2005-06	2.70.1.1.3	കോഴിട്ടുതാഴ-മാച്ചയിൽ റോഡ്	ഒഴിവാക്കാൻ ശുപാർശ
2000-01	ഭാഗം 1	2005-06	2.70.1.6.1	ബജറ്റ് പാസാക്കിയിട്ടില്ല	ഒഴിവാക്കാൻ ശുപാർശ
2000-01	ഭാഗം 1	2005-06	2.70.1.11.1	രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല	ഒഴിവാക്കാൻ ശുപാർശ
		2012-13	2.6.16	ലൈബ്രറികളുടെയും സാംസ്കാരിക നിലയത്തിന്റെയും	തടസ്സം തുടരുന്നു

				നടത്തിപ്പ്	
2014-15	2-2	2016-17	അനുബന്ധം4	തൊഴിൽ നികുതി-അപാകതകൾ	തടസ്സം തുടരുന്നു
2015-16	2-2	2016-17	അനുബന്ധം5	തൊഴിൽ നികുതി-അപാകതകൾ	തടസ്സം തുടരുന്നു

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഓഡിറ്റ് വർഷം	സർചാർജ് സർട്ടിഫിക്കറ്റ് നം	ഖണ്ഡിക നം	തുക	റിമാർക്സ്
2000-01	എൽ.എഫ്.14047/ സ്പെ.സെൽ / സിഎസ്സി/ഡി2/13 തീയതി-04.04.2014	8(1)(2)	30916	തുക ഈടാക്കി 1) 10000/-(രശീത് നം-11601400016 തീയതി-26.03.17) 2)10000/-(രശീത് നം-11601400009 തീയതി-30.12.16) 3)10000/-(രശീത് നം-117010500002 തീയതി-15.04.17)

				4)916/-(രശീത് നം-117010500007 തീയതി-09.08.17)
2000-01	എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ ഡി2/13 തീയതി-04.04.2014	8(1)(2)	30916	30916 രൂപ ഈടാക്കി (രശീത് നം-11401100224 തീയതി-12.05.14)
2000-01	എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ഡി2/13 തീയതി-11.03.2014	8(4)	28650	28650 രൂപ ഈടാക്കി (രശീത് നം-11501103719 തീയതി-14.12.15)

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	8,34,98,265
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,02,07,349
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ

നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	പേരും ഉദ്യോഗപ്പേരും
1-17	-	25,986	ശ്രീ. രാജേഷ്. എ, സെക്രട്ടറി
1-18	-	38,980	ശ്രീ.അനിൽകുമാർ.കെ.പി, സി. സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	40,180	ശ്രീ. രാജേഷ്. എ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
1-26	1078

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.രാജേഷ്. എ,	സെക്രട്ടറി,	ആരതി,

സെക്രട്ടറി	മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത്	പെരുവട്ടൂർ, കൊയിലാണ്ടി, 673620
ശ്രീ.അനിൽകുമാർ.കെ.പി, അസി. സെക്രട്ടറി	അസി.സെക്രട്ടറി, കോട്ടൂർ ഗ്രാമപഞ്ചായത്ത്	ഗീതാഞ്ജലി, വാകയാട്, കോഴിക്കോട്, 673614

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം
1997-98	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	5	15, 18, 20, 23, 31
1998-99	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	3	31, 32, 35
1999-00	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	1	33
2000-2001	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	3	3-4, 3-7, 6-8(1,2,3,4)
2001-2002	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	3	6-3, 6-4,8, 10(3)
2002-2003	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	4	2-1, 3-2, 3-7, 3-10

2003-2004	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	4	3-2, 3-3, 3-4,3-5
2004-2005	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	2	3-1, 3-4
2005-2006	കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18	3	2-1, 3-10, 3-11
2006-2007	കെ.എസ്.എ.കെ.കെ.ഡി.പി9/ 260/11 തീയതി 08.03.11	21	2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14
2007-2008	കെ.എസ്.എ.കെ.കെ.ഡി.പി9/ 1436/12 തീയതി 08.10.12	31	2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-15, 2-16, 2-17, 2-18, 2-19, 3-4, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31
2008-2009	കെ.എസ്.എ.കെ.കെ.ഡി.പി9/ 638/11 തീയതി 22.03.12	24	2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19

2009-2010	കെ.എസ്.എ.കെ.കെ.ഡി.പി9/ 1639/13 തീയതി 18.10.13	27	1-1, 1-3, 1-4, 2-1, 2-3, 2-4(B,C), 2-7, 2-8, 3-1, 3-2, 3-6, 3-7, 3-8, 3-11, 3-13, 3-14, 3-15, 3-16, 3-17(A,C), 3-19, 3-21, 3-22, 3-23, 3-24, 4-3, 4-6, 4-7
2010-2011 2011-2012	കെ.എസ്.എ.കെ.കെ.ഡി.പി9/ 654/15 തീയതി 25.04.15	28	1-5, 1-7, 2-2(1), 2-3(2,4), 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-22(1,2,3), 3-23, 3-24, 3-25, 3-28, 4-3, 4-5
2012-2013 2013-2014	കെ.എസ്.എ.കെ.കെ.ഡി.പി9/ 1663/15 തീയതി 15.10.15	31	1-4, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15(A), 3-15(B), 3-16, 3-17, 3-18,

			3-19, 3-20, 3-21(A), 3-21(B), 3-22, 4-1, 4-2, 4-3, 4-10, 4-11
2014-15	കെ.എസ്.എ.കെ.കെ.ഡിപി9/ 938/18 തീയതി 05.06.18	17	2-1, 2-2(1), 2-2(3), 2-2(5), 2-2(6), 2-4(1), 2-4(2), 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11
2015-16	കെ.എസ്.എ.കെ.കെ.ഡി.പി9/ 2132/17 തീയതി 16.02.18	9	2-2, 2-3, 3-1, 3-4, 3-8, 3-9, 3-10, 3-11, 3-12
2016-17	കെ.എസ്.എ.കെ.കെ.ഡി.പി9/ 78/18 തീയതി 05.04.18	14	1-9, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-15, 4-7, 4-9
2017-18	കെ.എസ്.എ.കെ.കെ. ഡി. പി10/20/2021 തീ. 02.07.2020	14	2-2, 2-3, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-12, 4-10
2018-19	കെ.എസ്. എ. കെ. കെ. ഡി. പി4/213/2020 തീ. 22.01.2021		1-4, 1-7, 1-8, 1-9, 1-11, 1-12, 1-13, 1-14, 1-16, 1-18, 1-19, 4-11

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്